കൊട്ടാരക്കര സ്വദേശി രാജേന്ദ്രൻ പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവം

42 [805] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര സ്വദേശി രാജേന്ദ്രനെ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് അറസ്റ്റ് ചെയ്തു കൊണ്ടുവന്നത് ആരാണ് എന്ന് അറിയിക്കാമോ;

(ബി) ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ് നടന്നത്;

(സി) എന്നാണ് അറസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നത്;

(ഡി) രാജേന്ദ്രൻ കൊലചെയ്യപ്പെട്ടത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) കസ്റ്റഡി മരണം സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ആർ. ഡി. ഒ. തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെല്ലാം ചോദ്യം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എച്ച്) കസ്റ്റഡി മരണം സംബന്ധിച്ച് സുപ്രീം കോടതിയുടെ പുതിയ വിധിയുടെ പശ്ചാത്തലത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകുമോ;

(ഐ) രാജേന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുമോ;

(ജെ) കസ്റ്റഡി മരണത്തിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൊബൈൽ പാർട്ടിയിലുണ്ടായിരുന്ന എ. എസ്. ഐ. ശ്രീ. സദാനന്ദൻ.

(ബി) പോലീസ് കൺട്രോൾ റൂമിൽ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് രാജേന്ദ്രനെ കസ്റ്റഡിയിലെടുത്തത്.

(സി) 6-4-2005 പകൽ 1 മണി 15 മിനിറ്റിന്.

(ഡി) രാജേന്ദ്രൻ കൊല്ലപ്പെട്ടത് 6-4-2005 വൈകീട്ട് 6-45നും 7-30നും ഇടയ്ക്കുള്ള സമയത്താണ് എന്നു് അനുമാനിക്കുന്നു.

(ഇ) കൊല്ലം ക്രൈംബ്രാഞ്ച് സി. ഐ. ഡി. യൂണിറ്റ്.

(എഫ്) ഉണ്ട്.

(ജി) പോലീസ് ഉദ്യോഗസ്ഥൻമാർ, സിവിലിയൻമാർ, ഫോറൻസിക് ആശുപത്രി ജീവനക്കാർ തുടങ്ങി 47 ഓളം പേരെ ചോദ്യം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(ഐ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജെ) നടപടി സ്വീകരിക്കുന്നതാണ്.

ധന്യയുടെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട കേസന്വേഷണം

43 [806] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് ചാമക്കുഴിയിൽ സരോജിനിയുടെ മകൾ ധന്യയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണത്തിലെ ദുരൂഹത സംബന്ധിച്ച് നാട്ടുകാരുടേയും ബന്ധുക്കളുടെയും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട കേസന്വേഷണം ഏത് ഏജൻസിയാണ് നടത്തുന്നത് എന്നും കേസന്വേഷണം ഏത് ഘട്ടത്തിലാണ് എന്നും വിശദമാക്കുമോ;

(ഡി) ധന്യയുടെ കുടുംബത്തെ സഹായിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാതാവ് സരോജിനിയുടെ അപേക്ഷയിൻമേൽ എന്ത് സഹായമാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) ധന്യയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ വാഴക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 56/05 യു/സി അൺനാച്ചറൽ ഡത്ത് കേസ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം

44 [807] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 2004 ഏപ്രിൽ 6-ാം തീയതി കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായിരിക്കെ കൊലചെയ്യപ്പെട്ട മേപ്പയൂർ നിടുമ്പൊയിൽ കക്കട്ട് സ്വദേശിയായ കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly